## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4658 — 29.06.2012 ൽ മറുപടിയ്ക്ക്

## കാർഷിക വിളകൾക്ക് ആവശ്യമായ രാസവളങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് കാർഷിക വിളകൾക്ക് ആവശ്യമായ രാസവളങ്ങൾക്ക് കൃത്രിമ ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കർഷകർക്ക് രാസവളങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) ഖാരിഫ് (ഏപ്രിൽ-സെപ്റ്റംബർ), റാബി (ഒക്ടോബർ-മാർച്ച്) എന്നീ രണ്ട് സീസണുകളിലായി സംസ്ഥാനത്ത് ആവശ്യമായി വരുന്ന വളങ്ങളുടെ കണക്ക് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ആയത് അംഗീകരിച്ച് നൽകുകയും ചെയ്യുന്നു. അതനുസരിച്ച് ഓരോ മാസവും കേന്ദ്രം അനുവദിക്കുന്ന രാസവളങ്ങൾ ഇനം തിരിച്ചും കമ്പനി തിരിച്ചും ജില്ലാ തല സപ്ലൈ പ്ലാൻ തയ്യാറാക്കി ഫെർട്ടിലൈസർ സപ്ലയർ (എഫ്.എം.എസ്.) വഴി കേന്ദ്രത്തിലേക്ക് സമർപ്പിക്കുകയും അതനുസരിച്ച് വിവിധ വളം കമ്പനികൾ ജില്ലകളിൽ രാസവളം എത്തിക്കുകയുമാണ് ചെയ്യുന്നത്. ഈ വളം മൊത്ത ഹോൾസെയിൽ/റീട്ടെയിലർമാർ മുഖേന കർഷകരിലെത്തിക്കുന്നു. സംസ്ഥാനത്തെ വളം വിതരണം സംബന്ധിച്ച് കേന്ദ്ര രാസവള മന്ത്രാലയം പ്രതിവാര വീഡിയോ കോൺഫറൻസിംഗിൽ നൽകാറുണ്ട്. ആവശ്യമുള്ള അവസരങ്ങളിൽ കത്തുമുഖേനയും വീഡിയോ കോൺഫറൻസിംഗിലും സംസ്ഥാനത്ത് വളങ്ങളുടെ ലഭ്യത സംബന്ധിച്ച് വിവരങ്ങൾ കേന്ദ്ര ഗവൺമെന്റിനെ ധരിപ്പിക്കുകയും അതനുസരിച്ച് അധികമായി വളം അനുവദിക്കുകയും ചെയ്യാറുണ്ട്. |

(സി) യൂറിയ ഉൾപ്പെടെയുള്ള രാസവളങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കാത്തത് കൃഷിയെ സാരമായി ബാധിക്കുന്നുണ്ടോ; വിശദമാക്കുമോ?

(സി) ഇറക്കുമതി സംബന്ധിച്ച പ്രശ്നങ്ങൾ, വില വർദ്ധന, വാഗൺ ട്രാൻസ്പോർട്ടിംഗിലുണ്ടാകുന്ന പ്രശ്നങ്ങൾ തുടങ്ങിയവ മൂലം രാസവളങ്ങൾ ചില സീസണുകളിൽ യഥാസമയം ലഭ്യമാക്കാൻ കഴിയാതെ വരാറുണ്ട്. വിളകൾക്ക് യഥാസമയം വളം നൽകാൻ കഴിയാതെ വരുമ്പോൾ ഉത്പാദനം കുറയുന്നതു വഴി ഇത് കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ